# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

# കേരള സംസ്ഥാന ഓഡിറ്റ വകുപ്പ
# ജില്ലാ ഓഡിറ്റ് കാര്യാലയം
# പാലക്കാട്-678001

**ഇ-മെയിൽ: dopkd.ksad@kerala.gov.in**

**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-പി.12/1330/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/10/2025
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളിനേഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-പി.കെ.ഡി-പി.12/1330/25 തീയ്യതി: 07/10/2025

# പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-07-2024 മുതൽ 16-07-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-07-2025

തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷോബി വി പി | ഡെപ്യൂട്ടി ഡയറക്ടർ | 17-07-2025 | 29-07-2025 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 17-07-2025 | 29-07-2025 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ബിജു ആന്റണി യു, ഓഡിറ്റ് ഓഫീസർ

2. കാരത്ത ıക പ ı, സ˜ıന ıയര ഗ്രേഡ ഓഡ ıറ്റര
3. ഷഹീർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
4. നൗഫർ എൻ എച്ച്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ ജയലക്ഷ്മി | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ. രാധാകൃഷ്ണൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 26-04-2024 |
| ശ്രീ. എം സുനിൽകുമാർ | സെക്രട്ടറി | 27-04-2024 | 02-06-2024 |
| ശ്രീ. രാധാകൃഷ്മൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-06-2024 | 17-06-2024 |
| ശ്രീ. എം സുനിൽകുമാർ | സെക്രട്ടറി | 18-06-2024 | 29-08-2024 |
| ശ്രീ. രാധാകൃഷ്മൻ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 30-08-2024 | 30-09-2024 |
| ശ്രീ. രാധാകൃഷ്മൻ കെ | സെക്രട്ടറി | 01-10-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. അജിത് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 15-05-2024 |
| ശ്രീ. ജ്യോതിസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 16-05-2024 | 24-09-2024 |
| ശ്രീ. വിനീത് കുമാർ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 25-09-2024 | 31-03-2025 |
| ശ്രീമതി. ജീതു കെ ജോസഫ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 19-04-2024 |
| ശ്രീമതി. റീന പി വി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-04-2024 | 31-03-2025 |
| ഡോ. ഷിബു ജേക്കബ് | വെറ്ററിനറി സർജൻ | 01-04-2024 | 29-10-2024 |
| ഡോ. ജയചന്ദ്രൻ | വെറ്ററിനറി സർജൻ | 30-10-2024 | 22-01-2025 |
| ഡോ. അരുൺരാജ് വി | വെറ്ററിനറി സർജൻ | 23-01-2025 | 31-03-2025 |
| ഡോ. നവ്യ അമ്പൂക്കൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി. വെള്ളിനേഴി) | 01-04-2024 | 31-03-2025 |
| ഡോ. മുഹമ്മദ് ഷെരീഫ് എം കെ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി. അടക്കാപുത്തൂർ) | 01-04-2024 | 31-03-2025 |
| ഡോ. രാജി വി പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 10-07-2024 |

| | | | |
|---|---|---|---|
| ഡോ. സരിഗ ശിവൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 11-07-2024 | 31-03-2025 |
| ഡോ. വിജി പി സി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 10-01-2025 |
| ഡോ. മീര ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 11-01-2025 | 31-03-2025 |
| ശ്രീമതി. സുജാത കെ എ | ഹെഡ് മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീമതി. ടെൽമ പി പി | വി ഇ ഓ | 01-04-2024 | 31-10-2024 |
| ശ്രീമതി. തുളസിദേവി പി പി | വി ഇ ഓ | 01-11-2024 | 31-03-2025 |
| ശ്രീമതി.ശ്യാമ എം എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബാങ്ക് റീകൺസിലേഷൻ പത്രികയിലെ അപാകതകൾ | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-2 |
| 4 | ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-3 |
| 5 | പ്രിയർ പിരീഡ് എക്സ്പെൻഡിച്ചർ വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല | 1-1-4 |
| 6 | അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-5 |
| 7 | ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല | 1-1-6 |
| 8 | BIO Diversity Fund – വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നിവ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | മെയിന്റനൻസ് ഫണ്ട് (റോഡ്) - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ അതാത് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-8 |
| 10 | സാക്ഷരതാമിഷനിൽ നിന്നും ഹോണറേറിയം ഇനത്തിൽ ലഭിക്കുവാനുള്ള 19200 രൂപ ബാലൻസ് ഷീറ്റിലെ അഡ്വാൻസ് | 1-1-9 |

| | | |
|---|---|---|
| | ഹെഡിൽ ചേർത്തിട്ടില്ല | |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ | 1-11 |
| 21 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-12 |
| 22 | എസ്.എസ്.എൽ.സി, പ്ലസ് ടു പഠിതാക്കളുടെ തുല്യത ഫീസ് അടവാക്കൽ-പദ്ധതി മോണിറ്ററിംഗ് നടത്തിയില്ല | 1-13 |
| 23 | ആശ്രയ പദ്ധതി-നൽകിയ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-14 |
| 24 | നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ പ്രവൃത്തി - തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ് | 1-15 |
| 25 | വി.ഇ.ഓ നടപ്പാക്കിയ പദ്ധതികൾ - ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലെ അപാകതകൾ സംബന്ധിച്ച് | 1-16 |

| | | |
|---|---|---|
| 26 | ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിതം വിതരണം - ജനറൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ | 1-17 |
| 27 | മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-18 |
| 28 | തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല | 1-19 |
| 29 | മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം - ചെലവഴിക്കാത്തത് ക്രമീകരിക്കേണ്ടതാണ് | 1-20 |
| 30 | ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-21 |
| 31 | ഭരണ സമിതി യോഗ മിനുട്ട്സ് തയ്യാറാക്കൽ - ചട്ട പ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല | 1-22 |
| 32 | 2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും 2025-26 ലെ ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന 2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു | 1-23 |
| 33 | CMDRF കോൺട്രിബ്യൂഷൻ - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അടവാക്കിയിട്ടില്ല | 1-24 |
| 34 | ബാലസഭ പ്രവർത്തനങ്ങൾ - വിനിയോഗ വിവരങ്ങൾ ലഭ്യമല്ല – തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 35 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ - രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-26 |
| 36 | ഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ - വാഹനം ഓടിക്കുന്നതിനുള്ള പരിശീലനം നൽകിയിട്ടില്ല | 1-27 |

| | | |
|---|---|---|
| 37 | തെരുവ് വിളക്ക് റിപ്പയർ -നിർവ്വഹണത്തിൽ നിരവധി അപാകങ്ങൾ | 1-28 |
| 38 | സാക്ഷരതാ പ്രേരക് ഹോണറേറിയം - സാക്ഷരതാ മിഷൻ വിഹിതം തിരികെ ലഭിച്ചിട്ടില്ല | 1-29 |
| 39 | എ.ബി.സി. പദ്ധതി - പഞ്ചായത്ത് പരിധിയിൽ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 1-30 |
| 40 | ജനകീയ ഹോട്ടൽ നടത്തിപ്പ് ചെലവ് - തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് റീകൂപ്പ് ചെയ്തിട്ടില്ല | 1-31 |
| 41 | നിശ്ചിത സമയപരിധിക്കുള്ളിൽ സെലക്ഷൻ നോട്ടീസ് (ലെറ്റർ ഓഫ് ആക്സപ്റ്റൻസ്) അയച്ചിട്ടില്ല | 1-32 |
| 42 | ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല | 1-33 |
| 43 | ഓഡിറ്റ് ഇംപാക്ട്-അനുവദനീയമല്ലാത്ത ഇനങ്ങൾക്ക് കണ്ടിജന്റ് ചെലവുകൾ ഇനത്തിൽ ചെലവഴിച്ച തുക തിരികെ ഒടുക്കി | 1-34 |
| 44 | ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം | 1-35 |
| 45 | എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കൽ - 'ജൽജീവൻ മിഷൻ പദ്ധതിയിലൂടെ' - അവലോകനം | 1-36 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന | 4-1 |
| 2 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക - സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1-1 ബാങ്ക് റീകൺസിലേഷൻ പത്രികയിലെ അപാകതകൾ

2024-25 സാമ്പത്തിക വർഷത്തിലെ തനത് ഫണ്ടിന്റെ (അക്കൗണ്ട് നമ്പർ : 1536101109773, കാനറ ബാങ്ക് വെള്ളിനേഴി) ബാങ്ക് റീക്കൺസിലേഷൻ പത്രികയിൽ മുൻ സാമ്പത്തിക വർഷങ്ങളിലെ റീക്കൺസിലേഷൻ തുകകളും ഉൾപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് ഇഷ്യൂ ചെയ്തതും എന്നാൽ നാളിതുവരെ ബാങ്കിൽ നിന്ന് പിൻവലിക്കാത്തതുമായ റീക്കൺസിലേഷൻ തുകകൾ | | | | |
|---|---|---|---|---|
| വൗച്ചർ നമ്പർ | വൗച്ചർ തീയതി | ചെക്ക് നമ്പർ | തീയതി | തുക |
| 22000033 | 09-10-2020 | 793445 | 23-09-2020 | 3,625.00 |
| 22000034 | 09-10-2020 | 793449 | 23-09-2020 | 900.00 |
| 22100094 | 11-05-2021 | 74150 | 07-05-2021 | 1,200.00 |
| 22100284 | 31-08-2021 | 74150 | 07-05-2021 | 1,440.00 |
| **ആകെ** | | | | **7,165.00** |

| ബാങ്ക് ബുക്കിൽ വരവ് ചെയ്തതും എന്നാൽ പാസ്ബുക്കിൽ വരവ് വരാത്തതുമായ റീക്കൺസിലേഷൻ തുകയുടെ വിശദാംശങ്ങൾ | | |
|---|---|---|
| വൗച്ചർ നമ്പർ | വൗച്ചർ തീയതി | തുക |
| 1210000076 | 21-01-2022 | 120.00 |
| 1210000077 | 27-01-2022 | 120.00 |
| 1210000078 | 29-01-2022 | 120.00 |
| 1210000079 | 31-01-2022 | 120.00 |
| 1210000080 | 31-01-2022 | 120.00 |
| 1210000081 | 01-02-2022 | 120.00 |
| 1210000082 | 04-02-2022 | 120.00 |
| 1210000090 | 17-02-2022 | 120.00 |
| 1210000098 | 21-02-2022 | 120.00 |
| 1210000099 | 21-02-2022 | 120.00 |
| 1210000100 | 24-02-2022 | 120.00 |
| 1210000101 | 02-03-2022 | 16.00 |
| 1210000102 | 07-03-2022 | 24.00 |
| 1210000104 | 21-03-2022 | 120.00 |
| 1210000105 | 21-03-2022 | 120.00 |
| 1210000106 | 24-03-2022 | 120.00 |

| | | |
|---|---|---|
| 1220000011 | 18-04-2022 | 24.00 |
| 1210000083 | 14-02-2022 | 120.00 |
| 1230000058 | 11-08-2023 | 24.00 |
| 1210000044 | 01-11-2021 | 220.00 |
| 1210000045 | 01-11-2021 | 120.00 |
| 1210000047 | 04-11-2021 | 380.00 |
| 1210000048 | 06-11-2021 | 120.00 |
| 1210000049 | 08-11-2021 | 120.00 |
| 1210000050 | 09-11-2021 | 120.00 |
| 1210000051 | 11-11-2021 | 120.00 |
| 1210000031 | 04-10-2021 | 120.00 |
| 1210000032 | 05-10-2021 | 120.00 |
| 1210000036 | 13-10-2021 | 120.00 |
| 1210000037 | 18-10-2021 | 220.00 |
| 1210000030 | 30-09-2021 | 120.00 |
| 1230000112 | 07-12-2023 | 220.00 |
| 1210000001 | 19-07-2021 | 220.00 |
| 1210000002 | 19-07-2021 | 120.00 |
| 1210000003 | 26-07-2021 | 220.00 |
| 1210000004 | 28-07-2021 | 220.00 |
| 1210000005 | 04-08-2021 | 220.00 |
| 1210000006 | 13-08-2021 | 220.00 |
| 1210000007 | 18-08-2021 | 120.00 |

| | | |
|---|---|---|
| 1210000008 | 24-08-2021 | 220.00 |
| 1210000015 | 03-09-2021 | 120.00 |
| 1210000016 | 08-09-2021 | 120.00 |
| 1210000017 | 09-09-2021 | 120.00 |
| 1210000018 | 09-09-2021 | 120.00 |
| 1210000019 | 13-09-2021 | 120.00 |
| 1210000020 | 14-09-2021 | 120.00 |
| 1210000021 | 15-09-2021 | 120.00 |
| 1210000022 | 15-09-2021 | 120.00 |
| 1210000023 | 16-09-2021 | 120.00 |
| 1210000026 | 18-09-2021 | 120.00 |
| 1210000027 | 20-09-2021 | 120.00 |
| 1210000028 | 20-09-2021 | 120.00 |
| 1210000029 | 28-09-2021 | 120.00 |
| 1210000038 | 25-10-2021 | 120.00 |
| 1210000040 | 28-10-2021 | 120.00 |
| 1210000041 | 29-10-2021 | 120.00 |
| 1210000042 | 29-10-2021 | 120.00 |
| 1210000043 | 29-10-2021 | 380.00 |
| 1210000052 | 06-12-2021 | 120.00 |
| 1210000053 | 07-12-2021 | 120.00 |
| 1210000069 | 11-12-2021 | 120.00 |
| 1220100020 | 31-03-2023 | 1,460.00 |

| | | |
|---|---|---|
| 1230000009 | 08-05-2023 | 2.00 |
| 1230000108 | 16-11-2023 | 120.00 |
| 1230000111 | 06-12-2023 | 2.00 |
| 1210000039 | 27-10-2021 | 220.00 |
| 1210000070 | 19-12-2021 | 120.00 |
| 1210000071 | 28-12-2021 | 220.00 |
| 1210000072 | 28-12-2021 | 120.00 |
| 1210000073 | 28-12-2021 | 120.00 |
| 1210000074 | 30-12-2021 | 120.00 |
| 1210000075 | 07-01-2022 | 120.00 |
| Directly Debited By Bank | 26-05-2022 | 2.00 |

മുൻവർഷങ്ങളിൽ ഇഷ്യൂ ചെയ്ത ചെക്കുകൾ കാലഹരണപ്പെട്ടതിനാൽ പ്രസ്തുത തുകകൾ നാളിതുവരെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിനും ബാങ്ക് ബുക്കിൽ വരവ് ചെയ്തതും എന്നാൽ പാസ്ബുക്കിൽ വരവ് വരാത്തതുമായ തുകകൾ നാളിതുവരെ ബാങ്കിലേക്ക് ക്രെഡിറ്റാവാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/23.07.2025-ന് മറുപടിയായി അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

എന്നിവയും 31.03.2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 22.05.2025 തീയതിയിലെ 3(1)ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 18.06.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത്

നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## <u>വിശേഷണങ്ങളോട് കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2025ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തീയതി : 07-10-25 **ഡെപ്യൂട്ടി ഡയറക്ടർ**

## <u>1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല</u>

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (ഇ) & (എഫ്))

## <u>1-1-3 ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല</u>

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ്ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5756510 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2236051 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

## <u>1-1-4 പ്രിയർ പിരീഡ് എക്സ്പെൻഡിച്ചർ വിവരം നോട്ട്സ് ഓൺ അക്കൗണ്ടായി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയിട്ടില്ല</u>

പ്രിയർ പിരീഡ് എക്സ്പെൻഡിച്ചർ അക്കൗണ്ട് (I-18) പ്രകാരമുള്ള ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന ചെലവായി ചേർത്ത തുകകൾക്കും, ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| | |
|---|---|
| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18)<br>290600499 - Prior Period Expenses – Remission And Refund – Other Income | 407782 |
| 290800101 – Prior Period Expenses – Establishment Expenses | 37485 |
| 290800701 – Prior Period Expenses – Miscellaneous Expenses | -253760 |

## 1-1-5 അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും വ്യത്യാസപ്പെട്ടിരിക്കുന്നു

അക്രൂവൽ സ്വഭാവമില്ലാത്ത വരവുകൾ റസീറ്റ് ആൻഡ് പേയ്മെന്റ് ഷെഡ്യൂളിലും ഇൻകം ആൻഡ് എക്സ്പെൻഡിച്ചർ ഷെഡ്യൂളിലും തുല്യമായിരിക്കേണ്ടതാണ്.

എന്നാൽ വാർഷിക കണക്കിലെ RP-4- Fees & User Charges പ്രകാരം ആകെ തുക 2424952 രൂപയും, I-4 ഷെഡ്യൂൾ പ്രകാരം 2523339 രൂപയുമാണ്.

## 1-1-6 ആസ്തി വിവരങ്ങൾ കാലികമല്ല – ആസ്തി മൂല്യങ്ങളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation, B-11(E)- Capital Expenses (Infrastructure Sector) എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-7 BIO Diversity Fund – വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നിവ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

B17 ഷെഡ്യൂൾ പ്രകാരം 'BIO Diversity' അക്കൗണ്ടിൽ (നം. 1536101110873) 66690 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ B4 ഷെഡ്യൂളിൽ 'Grants, Funds And Contributions For Specific Purposes' ഹെഡിൽ പ്രസ്തുത തുക നീക്കിയിരിപ്പായി ചേർത്തിട്ടില്ല. വരവ് ചെലവുകൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-8 മെയിന്റനൻസ് ഫണ്ട് (റോഡ്) - കാപ്പിറ്റൽ കോൺട്രിബ്യൂഷൻ അതാത് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല

മെയിന്റനൻസ് ഫണ്ട് (റോഡ്) - ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് (I-6) 6437127 രൂപയും, എ.സി.ആർ. പ്രകാരമുള്ള മെയിന്റനൻസ് ഫണ്ട് റോഡിന്റെ ആകെ ചെലവ് 2,70,90,000 രൂപയുമാണ്. വ്യത്യാസമായി വരുന്നത് 2,06,52,873 രൂപ കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-9 സാക്ഷരതാമിഷനിൽ നിന്നും ഹോണറേറിയം ഇനത്തിൽ ലഭിക്കുവാനുള്ള 19200 രൂപ ബാലൻസ് ഷീറ്റിലെ അഡ്വാൻസ് ഹെഡിൽ ചേർത്തിട്ടില്ല.

സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം അനുവദിച്ചതിൽ സാക്ഷരതാമിഷനിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ട വിഹിതമായ 19200 രൂപ ഹോണറേറിയം ബാലൻസ് ഷീറ്റിലെ അഡ്വാൻസ് ഹെഡിൽ ചേർത്തിട്ടില്ല.

## 1-2 ബജറ്റ്.

02.12.2016 ലെ സ.ഉ (സാധാ) നം. 3291/2016/തസ്വഭവ പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനവൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. 14.02.2024ന് ചേർന്ന യോഗത്തിലെ തീരുമാനം 1(1) പ്രകാരം ബജറ്റ് അംഗീകരിച്ചിടുണ്ട്. 28.02.2025ന് ചേർന്ന യോഗത്തിലെ തീരുമാനം 3(1) പ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹7239641 |
| തൻവർഷം വരവ് | ₹242023014 |
| ആകെ വരവ് | ₹249262655 |
| ചെലവ് | ₹241270343 |
| നീക്കിയിരിപ്പ് | ₹7992312 |

## 1-3 സാമ്പത്തിക വിശകലനം (രസീറ്റ് & പെമെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹20604671 |
| വരവ് | ₹47542393 |
| ആകെ | ₹68147064 |
| ചെലവ് | ₹41785883 |
| നീക്കിയിരിപ്പ് | ₹26361181 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

മറ്റ് ഫണ്ടുകളുടെ വരവ്, ചെലവ് വിവരം ഖണ്ഡിക 1-4 ൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 13132000 | 13132000 | 13132000 | 0 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 6797000 | 6797000 | 6797000 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 27090000 | 27090000 | 6437127 + 20652873 (Capital Contribution) = 27090000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 0 | 4709000 | 4709000 | 4700271 | 8729 |
| ആകെ | 0 | 51728000 | 51728000 | 51719271 | 8729 |

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സി.എഫ്.സി - അൺ ടൈഡ് ഗ്രാന്റ് | 1210867 | 2364814 | 3575681 | 2390263 | 1185418 |
| സി.എഫ്.സി - ടൈഡ് ഗ്രാന്റ് | 1832428 | 5205500 | 7037928 | 2727765 | 4310163 |

## കേന്ദ്രാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഐ സി ഡി എസ് | 1100044 | 1401348 | 2501392 | 1392379 | 1109013 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic InfraStructure To The PHCs) | 220186 | 317582 | 537768 | 316338 | 221430 |
| ഹെൽത്ത് ഗ്രാന്റ് (Health And Wellness Centres) | 6701 | 513167 | 519868 | 65585 | 454283 |
| ഹെൽത്ത് ഗ്രാന്റ് (Buildingless Subcentres, PHCs And CHCs) | 2805500 | 95097 | 2900597 | 0 | 2900597 |
| ടി എസ് സി | 117630 | 0 | 117630 | 0 | 117630 |
| ടി എസ് എസ് | 0 | 5000 | 5000 | 0 | 5000 |

## സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഗ്രാന്റ് | 143740 | 3590 | 147330 | 0 | 147330 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 629438 | 0 | 629438 | 0 | 629438 |
| ലൈഫ് സംസ്ഥാന വിഹിതം | 689685 | 2300000 | 2989685 | 1980000 | 1009685 |
| വിമുക്തി ഗ്രാന്റ് | 4169 | 0 | 4169 | 0 | 4169 |

## തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1283 | 1405984 | 1407267 | 1405685 | 1582 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 18461111 | 18461111 | 18461111 | 0 |
| ആകെ | 1283 | 19867095 | 19868378 | 19866796 | 1582 |

## 1-5 പദ്ധതി അവലോകനം

**എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 221 | 134456906 | 189 | 72229899 | - | 32 | 85.52 |

**ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3141150 | 4 | 2782113 | 88.57 |
| വെറ്റിനറി സർജൻ | 11 | 1741994 | 11 | 1631994 | 93.69 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 15 | 3877778 | 15 | 3175096 | 81.88 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 215100 | 2 | 198778 | 92.41 |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 500000 | 2 | 497279 | 99.46 |
| വി.ഇ.ഒ | 25 | 65431932 | 24 | 16485352 | 25.19 |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 15 | 3357690 | 14 | 3250107 | 96.8 |
| സെക്രട്ടറി | 37 | 10002456 | 34 | 8431991 | 84.30 |
| ഹെഡ് മാസ്റ്റർ | 4 | 1260715 | 4 | 1137700 | 90.24 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 105 | 43903091 | 78 | 33614489 | 76.57 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1025000 | 1 | 1025000 | 100 |
| ആകെ | 221 | 134456906 | 189 | 72229899 | 53.72 |

അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1283 | 1405984 | 1407267 | 1405685 | 1582 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 18461111 | 18461111 | 18461111 | 0 |
| ആകെ | 1283 | 19867095 | 19868378 | 19866796 | 1582 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 4808800 | 288 |

| | | | |
|---|---|---|---|
| 2 | വാർദ്ധക്യകാല പെൻഷൻ | 24006700 | 1802 |
| 3 | വികലാംഗ പെൻഷൻ | 3629000 | 232 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 2088800 | 136 |
| 5 | വിധവാ പെൻഷൻ | 11648700 | 772 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2025 തീയതിയിൽ 3.00 പി.എം സമയത്ത് പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് ക്ലാർക്കിന്റെയും സ്ഥാപന മേധാവിയുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 11,452/- രൂപയുടെ വരവിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

എല്ലാ പേമെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2024-25 സാമ്പത്തിക വർഷം ആകെ അടങ്കലിന്റെ 53.72 ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രാന്റിനത്തിൽ ലഭിച്ച 51728000 രൂപയിൽ 51719271 രൂപയും ചെലവഴിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഏറ്റവും ഒടുവിൽ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2010-11 മുതൽ 2014-15 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് ഡിസംബർ 2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. 20 പരാമർശങ്ങളാണ് തീർപ്പാക്കുവാൻ അവശേഷിക്കുന്നത്.

## 1-11 ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ

1. വാർഡ് തിരിച്ച് തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 332 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ തൻവർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 351 സ്ഥാപനങ്ങൾക്ക് (ക്വാറി, ക്രഷേഴ്സ് ഉൾപ്പെടെ) ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

2. തൻവർഷത്തെ ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് രജിസ്റ്റർ പ്രകാരം 28 സ്ഥാപനങ്ങളിൽ നിന്നും ആകെ 14000/- രൂപ ലൈസൻസ് ഫീസ് ഇനത്തിലും ആകെ 26,800/- രൂപ സ്ഥാപന തൊഴിൽ നികുതി ഇനത്തിലും പിരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക പ്രകാരം (RP-45 ഹെഡ്കോഡ്-431300103) 26,400/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ലെഡ്ജർ പരിശോധിച്ചതിൽ (RP-45 ഹെഡ്കോഡ്-431300103) സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയ ചില തുകകളും ലൈസൻസ് ഫീസിനത്തിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

മേൽ വ്യത്യാസങ്ങൾക്കും അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/26.07.2025-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൻവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട ശ്രീ. രമേഷ് കെ എന്ന കരാറുകാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായോ മറ്റു പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റെ രസീത് ഹാജരാക്കിയതായോ കാണുന്നില്ല. ശ്രീ.

രമേഷ് കെ എന്ന കരാറുകാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 17/26.07.2025)

## 1-13 എസ്.എസ്.എൽ.സി, പ്ലസ് ടു പഠിതാക്കളുടെ തുല്യത ഫീസ് അടവാക്കൽ-പദ്ധതി മോണിറ്ററിംഗ് നടത്തിയില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പരും പേരും | 86/25, എസ്.എസ്.എൽ.സി പ്ലസ് ടു പഠിതാക്കളുടെ തുല്യത ഫീസ് അടവാക്കൽ |
| ഭരണാനുമതിയുടെ നമ്പരും തീയതിയും | 2(1)/10.07.2025 |
| അടങ്കൽ | 67,715/- (വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 46,700/- (വികസന ഫണ്ട് - പൊതുവിഭാഗം |

| | |
|---|---|
| | സാധാരണ വിഹിതം) |
| ട്രഷറി ബിൽ തുക, ബിൽ ബുക്ക് നമ്പർ, തീയതി | 46,700/-<br>03/24-25, 10.03.2025 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി.എൽ. പി.എസ് വെള്ളിനേഴി |

28.05.2022 തീയതിയിലെ സ.ഉ(കൈ)നം.115/2022/തസ്വഭവ നമ്പർ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ 7.4.5 പ്രകാരം സംസ്ഥാന സാക്ഷരതാ മിഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് തദ്ദേശഭരണ സ്ഥാപന തലത്തിലെ 10,+2 ക്ലാസുകളിലേക്കുള്ള തുല്യതാ പരീക്ഷക്ക് രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ്, കോഴ്സ് ഫീസ്, പാഠപുസ്തകങ്ങളുടെ വില, തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് സഹായമായ മറ്റ് ആവശ്യങ്ങൾ എന്നിവ നൽകാവുന്നതാണ്. അംഗീകരിക്കപ്പെട്ട പ്രോജക്ട് രേഖകൾ പ്രകാരം 2024-25 വർഷത്തിൽ എസ്.എസ്.എൽ.സി തുല്യതാ കോഴ്സിന് 8 പഠിതാക്കളുടെ കോഴ്സ് ഫീസും (8x1950=15,600/- രൂപ) പ്ലസ് 1 തുല്യതാ കോഴ്സിന് 4 പഠിതാക്കളുടെ കോഴ്സ് ഫീസും (4x2600=10,400/- രൂപ) പ്ലസ് 2 തുല്യതാ കോഴ്സിന് 9 പഠിതാക്കളുടെ കോഴ്സ് ഫീസും (9x2300=20,700/- രൂപ) ഉൾപ്പെടെ 46,700/- രൂപ അടവാക്കിയിട്ടുണ്ട്. മേൽ പഠിതാക്കൾ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തതിന്റെയും തുടർ മോണിറ്ററിംഗിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 30/29.07.2025-ന്

മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരണ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.
പഠിതാക്കളിൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവരുടെയും വിജയിച്ചവരുടെയും വിശദാംശങ്ങൾ ഉൾപ്പെടെ പദ്ധതിയുടെ തുടർ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-14 ആശ്രയ പദ്ധതി-നൽകിയ തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

| | |
|---|---|
| പ്രൊജക്റ്റ് | 96/25 - ആശ്രയ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 300000/-വികസന ഫണ്ട് പൊതുവിഭാഗം -സാധാരണ വിഹിതം |
| ചെലവ് | 300000/- ട്ര.ബിൽ നം.33/07-03-2-25 |

2024-25 സാമ്പത്തിക വർഷത്തിൽ ആശ്രയ പദ്ധതി നടപ്പാക്കുന്നതിനായി കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ ന്റെ അക്കൗണ്ടിലേക്ക് (A/C 153610111213)

300000/- രൂപ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. ടി തുക ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് 2025-26 സാമ്പത്തിക വർഷത്തിൽ ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരിച്ച് തുക ചെലവഴിക്കുന്നതാണ് എന്ന വിവരം അറിയിച്ചിട്ടുണ്ട്.

ആശ്രയ ഗുണഭോക്താക്കൾക്കുള്ള പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ആശ്രയ പദ്ധതി പ്രകാരം ആവശ്യമായ തുക തിട്ടപ്പെടുത്തി, തുക അക്കൗണ്ടിലേക്ക് നൽകേണ്ടതും, മുൻകൂർ ആയി പണം പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്ന നടപടി ഒഴിവാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.18/26-07-2025)

## 1-15 നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ പ്രവൃത്തി - തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| | |
|---|---|
| പ്രൊജക്റ്റ് നം. | 186/25 -നാപ്കിൻ ഡിസ്ട്രോയർ സ്ഥാപിക്കൽ (Spill Over) |
| അടങ്കൽ | 500000/-(വികസന ഫണ്ട്- പൊതു വിഭാഗം |

| | |
|---|---|
| | സാധാരണ വിഹിതം) |
| ചെലവ് | 471902/-<br>ട്രഷറി ബിൽ നം. 2/13-05-2024 |
| സപ്ലൈയർ | SUNBEAM , വടവത്തൂർ, കോട്ടയം<br>Tax Invoice No.SUN00870/2023-24/13-03-2024 – 428982/-<br>(10 എണ്ണം) |
| | R J ENTERPRISES, വടവത്തൂർ, കോട്ടയം<br>Tax Invoice No.RJE04428/2023-24/22-03-2024 42920/-<br>(1 എണ്ണം) |

പദ്ധതി പ്രകാരം GeM പോർട്ടൽ മുഖേന SUNBEAM , വടവത്തൂർ, കോട്ടയം & R J ENTERPRISES, വടവത്തൂർ, കോട്ടയം എന്നീ സ്ഥാപനങ്ങളിൽ നിന്നും 11 നാപ്കിൻ

ഡിസ്ട്രോയറുകളാണ് വാങ്ങിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ വെള്ളിനേഴി ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ കമ്മ്യൂണിറ്റി സാനിറ്ററി കോംപ്ലക്സിലും തിരുവാഴിയോട് ടേക്ക് എ ബ്രേക്കിലും ഓരോന്ന് വീതവും ബാക്കി 9 എണ്ണം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങളിലുമാണ് സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ ടി നാപ്കിൻ ഡിസ്ട്രോയറുകളെല്ലാം ഉപയോഗിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് തിരുവാഴിയോട് ടേക്ക് എ ബ്രേക്ക് ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ടെന്നും ഉദ്ഘാടനം കഴിയുന്ന മുറയ്ക്ക് ഉപയോഗ യോഗ്യമായി തീരുമെന്നും ബാക്കിയുള്ളവ ഉപയോഗിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

തിരുവാഴിയോട് ടേക്ക് എ ബ്രേക്കിൽ സ്ഥാപിച്ച നാപ്കിൻ ഡിസ്ട്രോയർ ഉപയോഗ യോഗ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.16/26-07-2025)

## 1-16 വി.ഇ.ഓ നടപ്പാക്കിയ പദ്ധതികൾ - ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലെ അപാകതകൾ സംബന്ധിച്ച്

2024-25 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽക്കൂര പുനരുദ്ധാരണം , വീട് വാസയോഗ്യമാക്കൽ എന്നീ പദ്ധതികൾ നടപ്പാക്കിയതിന്റെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചത് സംബന്ധിച്ച വിവരം ചേർക്കുന്നു.

| പ്രോജക്ട് | 176/25 വീട് വാസയോഗ് | 103/25 വീട് വാസയോഗ്യമാക്കൽ | 175/25 മേൽക്കൂര പുനരുദ്ധാരണം | 102/25 മേൽക്കൂര പുനരുദ്ധാരണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | യമാക്കൽ -എസ്.സി (സ്പിൽ ഓവർ) | -എസ്.സി (പുതിയത്) | (സ്പിൽ ഓവർ) | (പുതിയത്) |
| ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച ഭരണ സമിതി തീരുമാനം & ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ എണ്ണം | 10-08-2023 തിയതിയിലെ 2/1 നമ്പർ തീരുമാനം 54 | 15-10-24 തിയതിയിലെ 2/1 നമ്പർ തീരുമാനം 45 | 10-08-2023 തിയതിയിലെ 2/1 നമ്പർ തീരുമാനം 43 | 15-10-24 തിയതിയിലെ 2/1 നമ്പർ തീരുമാനം 26 |
| ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ എണ്ണം | 12 | 10 | 26 | 6 |

ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018/ത.സ്വ.ഭ.വ,തി.29-01-2018 ഖണ്ഡിക 11.3(14), സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ,തി.19-04-2022 ഖണ്ഡിക 12.3(14) എന്നിവ പ്രകാരം അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ. സമാന സ്വഭാവമുള്ള പ്രോജക്ട് തുടർ വർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിന്

വേണ്ട ഗുണഭോക്താക്കളെയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് മുൻഗണനക്രമത്തിന്റെ വ്യവസ്ഥകൾ പാലിച്ച്കൊണ്ട് എടുക്കേണ്ടതാണ്.

എന്നാൽ മേൽ പ്രോജക്ടുകളുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിൽ മാർഗ്ഗ രേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. മുൻ വർഷം അഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം നടപ്പാക്കിയ സ്പിൽ ഓവർ പദ്ധതിയുടെ ലിസ്റ്റിൽ ആനുകൂല്യം അനുവദിക്കാത്ത നിരവധി ഗുണഭോക്താക്കൾ ഉണ്ടെന്നിരിക്കെ തന്നെ തൻവർഷം പുതിയ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചാണ് പുതിയ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു

1) വീട് വാസയോഗ്യമാക്കൽ - എസ്.സി (സ്പിൽ ഓവർ) പദ്ധതിയുടെ ലിസ്റ്റിൽ ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കൾ 42 പേരാണ് ഉള്ളത്. ആയതിൽ ആകെ 3 പേരെ മാത്രമാണ് പുതിയ പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത ഗുണഭോക്താക്കളിൽ ശാന്തി.പി.വി, ചെരപ്പറമ്പിൽ എന്ന വ്യക്തിക്ക് മാത്രമാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.

| ഗുണഭോക്താവിന്റ പേര് വിവരം | സ്പിൽ ഓവർ പദ്ധതിയുടെ ലിസ്റ്റിലെ ക്രമ നം. | പുതിയ പദ്ധതിയുടെ ലിസ്റ്റിലെ ക്രമ നം. |
|---|---|---|
| വിജയകുമാരി , കളരിക്കൽ കോളനി | 52 | 2 |
| ശാന്തി.പി.വി, ചെരപ്പറമ്പിൽ | 53 | 3 |

| | | |
|---|---|---|
| ഇന്ദിര.കെ.സി, കളരിയ്ക്കൽ | 46 | 14 |

2) മേൽക്കൂര പുനരുദ്ധാരണം (സ്പിൽ ഓവർ) പദ്ധതിയുടെ ലിസ്റ്റിൽ ആനുകൂല്യം ലഭിക്കാത്ത ഗുണഭോക്താക്കൾ 17 പേരാണ് ഉള്ളത്. ആയതിൽ ഒരാളെ മാത്രമാണ് പുതിയ പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി വ്യക്തിയെ ഉൾപ്പെടുത്തിയിരിക്കുന്നത് മുൻഗണനാ ക്രമം പാലിച്ചല്ല, മാത്രവുമല്ല, ടി ഗുണഭോക്താവിന് തൻവർഷവും ആനുകൂല്യം അനുവദിച്ചിട്ടില്ല.

| ഗുണഭോക്താവിന്റ പേര് വിവരം | സ്പിൽ ഓവർ പദ്ധതിയുടെ ലിസ്റ്റിലെ ക്രമ നം. | പുതിയ പദ്ധതിയുടെ ലിസ്റ്റിലെ ക്രമ നം. |
|---|---|---|
| രമണി.കെ.സി , കളരിക്കൽ കോളനി | 35 | 21 |

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമാണ് ആനുകൂല്യം അനുവദിച്ചതെന്നും ഭരണ സമിതി തീരുമാനം നിർവ്വഹണ ഉദ്യോഗസ്ഥ എന്ന നിലയ്ക്ക് നടപ്പിലാക്കുക മാത്രമാണ് ചെയ്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുമ്പോൾ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ

പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നം.15/25-07-2025)

**1-17 ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിതം വിതരണം - ജനറൽ - പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ**

| | |
|---|---|
| പ്രൊജക്ട് നം. | 204/25 - ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിതം വിതരണം - ജനറൽ (Spill Over) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 334125/-(വികസന ഫണ്ട്- പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 334125/- ട്രഷറി ബിൽ നം.17/ 20-05-2024 |

| | |
|---|---|
| സപ്ലൈയർ - കേരള ഫീഡ്സ് ലിമിറ്റഡ് ഇൻവോയ്സ് നം./തീയതി - തുക | KFLPI – 23-24-055901/26-03-2024 - 334125/- |

പദ്ധതി പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും Keramin Special എന്ന മിശ്രിതത്തിന്റെ 2475 ബാഗുകൾ (1 Bag – 1 Kg) 135 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട് (2475 * 135 = 334125/-). 495 ഗുണഭോക്താക്കൾക്ക് 5 Kg വീതം നൽകുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള ഫീഡ്സ് ലിമിറ്റഡിന്റെ കത്ത് നം. KFL/480/99(III)/2397/24/16-03-2024 പ്രകാരം

ഇറക്ക് കൂലിയും മറ്റ് അനുബന്ധ ചെലവുകളും വഹിക്കുന്നതിന് ധാതു ലവണ മിശ്രിതം പായ്ക്കറ്റ് ഒന്നിന് 10 രൂപ നിരക്കിൽ കൈകാര്യ ചെലവ് നൽകുന്നതായിരിക്കും എന്നും പദ്ധതി പൂർത്തീകരിച്ച് ധാതുലവണ മിശ്രിതത്തിന്റെ വില പൂർണ്ണമായും കമ്പനിയിൽ ലഭിച്ചതിന് ശേഷം പദ്ധതി നിർവഹണ ഉദ്യോഗസ്ഥന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ടി തുക നൽകുന്നതെന്നും വ്യക്തമാക്കിയിട്ടുണ്ട്. മിശ്രിതത്തിന്റെ ആകെ വിലയായ 334125 രൂപ സ്ഥാപനത്തിന്റെ KFLTSRKGA100097നമ്പർ അക്കൗണ്ടിലേക്ക് 20-05-2024 തിയതിയിൽ നൽകിയിട്ടുള്ള സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം അപേക്ഷ നൽകിയതിന്റെയും പ്രസ്തുത തുക ലഭ്യമായതിന്റെയും രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2475 Kg മിശ്രിതം സ്റ്റോക്കിലെടുത്തിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതൊക്കെ ക്ഷീര സഹകരണ സംഘങ്ങളിലെ ഗുണഭോക്താക്കൾക്കാണെന്നും എത്ര അളവിലാണ് വിതരണം നടത്തിയത് എന്നതും സംബന്ധിച്ചുള്ള വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

മിശ്രിതത്തിന്റെ വിതരണം സംബന്ധിച്ച വിവരം പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമുള്ള രേഖകൾ ഫയിൽ സൂക്ഷിച്ചിട്ടുണ്ട്.

കുറുവട്ടൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം - 105 പേർക്ക് 5kg വീതം - 525 Kg

കുളക്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘം - 77 പേർക്ക് 5kg വീതം - 385 Kg

കൂടാതെ മൃഗാശുപത്രി മുഖേന വിതരണം ചെയ്തതായി 26 പേരുടെയും തിരുവാഴിയോട് ക്ഷീരോൽപ്പാദക സഹകരണ സംഘം വഴി 21 പേർക്കും നൽകിയതായി ഗുണഭോക്താക്കൾ ഒപ്പിട്ട ഷീറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയതിൽ എത്ര അളവ് വീതമാണ് നൽകിയിട്ടുള്ളത് എന്ന വിവരം വ്യക്തമാക്കിയിട്ടില്ല. ആകെ 2475 Kg മിശ്രിതത്തിൽ 910kg (525+385) കഴിച്ച് ബാക്കിയുള്ള 1565 Kg മിശ്രിതം വിതരണം ചെയ്തതിന്റെ വ്യക്തമായ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ 1 ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ക്രമ നമ്പർ 2 ഖണ്ഡികയിൽ സൂചിപ്പിച്ച പ്രകാരം ധാതുലവണ മിശ്രിതം പൂർണ്ണമായും വിതരണം

ചെയ്തതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ 1565 Kg മിശ്രിതത്തിന്റെ വിലയായ 211275 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.29/29-07-2025)

## 1-18 മുൻകൂർ തുകകൾ ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ ബി 18 പ്രകാരം താഴെ പറയുന്ന ശീർഷകങ്ങളിൽ മുൻകൂർ നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. മുൻകൂർ തുകകൾ ക്രമീകരിച്ചതിന്റെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/23.07.2025) ലഭ്യമാക്കിയ മറുപടി റിമാർക്സ് കോളത്തിൽ ചേർക്കുന്നു.

| ക്രമ നം | ഇനം | മുന്നിരിപ്പ് | തൻ വർഷത്തെ മുൻകൂർ | ക്രമീകരിച്ച മുൻകൂർ | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | Tour Traveling Allowance Advance | 0 | 25000 | 0 | 25000 | പ്രസിഡണ്ടിന് 01.03.2025 ന് യാത്രാബത്തയിനത്തിൽ മുൻകൂർ അനുവദിച്ചതാണ്. ആയത് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ക്രമീകരിച്ച് അറിയിക്കുന്നതാണ്. |
| 2 | Advance To Implementing Agencies - Deposit With Kerala Water Authority | 490000 | 0 | 0 | 490000 | പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് തുക ക്രമീകരിക്കുന്നതാണ്. |
| 3 | Advance To Implementing Agencies - Deposit With Kerala Electricity Board | 149750 | 0 | 0 | 149750 | പ്രവൃത്തിയുടെ 84173 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ശ്രീകൃഷ്ണപുരം കെ.എസ്.ഇ.ബി. സെക്ഷനിൽ നിന്നും ലഭിച്ചിട്ടുണ്ടെന്നും ബാക്കി തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ലഭ്യമാകുന്ന മുറയ്ക്ക് തുക ക്രമീകരിക്കുന്നതാണ്. |
| 4 | Advance To Implementing Officers | 170000 | 2023811 | 2129268 | 64543 | ബഡ്സ് സ്കൂൾ ചെലവുകൾക്കായി നൽകിയ മുൻകൂറുകൾ പദ്ധതി പ്രകാരം തിരികെ റീകൂപ്പ് ചെയ്ത് അറിയിക്കുന്നതാണ്. |
| 5 | Advance To Mahatma Gandhi NREGA/AUEGS Administrative Expense | 1318297 | 1406554 | 1495452 | 1229399 | MGNREGS ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക ക്രമീകരിക്കുന്നതാണ്. |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 99, ജി.ഓ(പി) നം.419/11/ഫിൻ തീയതി 04.10.2011 എന്നിവ പ്രകാരം മുൻകൂർ നൽകിയ തുകകൾ 3 മാസത്തിനകം ക്രമീകരിക്കാത്തപക്ഷം, തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്ന തീയതി വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. മുൻകൂർ നൽകിയ തുകകൾ സമയബന്ധിതമായി ക്രമീകരിക്കുന്നുണ്ടെന്ന് ഉറപ്പവരുത്തേണ്ടതാണ്.

2. ഏജൻസികൾ മുഖാന്തിരം ഉള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

3. വിവിധ പദ്ധതികൾക്കായി മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 തെരുവ് വിളക്ക് - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ പട്ടിക III ലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ഗ്രാമപഞ്ചായത്ത് 2024-25 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 1009669 രൂപ കെ.എസ്.ഇ.ബി ശ്രീകൃഷ്ണപുരം, ചെർപ്പുളശ്ശേരി എന്നീ ഇലക്ട്രിക്കൽ സെക്ഷനിലായി അടവാക്കിയിട്ടുണ്ട്.

മാർച്ച് മാസത്തെ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിന്റെ ഡിമാന്റ് പ്രകാരം ശ്രീകൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷനിൽ തെരുവ് വിളക്കുകൾക്ക് 16 കൺസ്യൂമർ നമ്പറുകളും ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷനിൽ തെരുവ് വിളക്കുകൾക്ക് 43 കൺസ്യൂമർ നമ്പറുകളും ഉണ്ട്. ഇതിൽ ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷനിലെ കൺസ്യൂമർ നം. 1165412028272 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ മാർച്ച് മാസം ആകെ 76288 രൂപ കെ എസ് ഇ ബിയിലേക്ക് അടവാക്കിയിട്ടുണ്ട്. ഇതിൽ മീറ്ററിംഗ് സംവിധാനം

ഏർപ്പെടുതാത്ത കൺസ്യൂമർ നം. 1165412028272 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മാത്രം 36493 രൂപ കെ എസ് ഇ ബി ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇത് പഞ്ചായത്തിന് ബാധ്യതയാണ്.

കൺസ്യൂമർ നം. 1165412028272 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/23.07.2025) തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. സംയുക്ത പരിശോധനക്കു ശേഷം അൺമീറ്റേർഡ് കണക്ഷനുകൾ മീറ്റേർഡ് കണക്ഷനുകൾ ആക്കി മാറ്റുന്നതിന് ആവശ്യമെങ്കിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി രൂപീകരിക്കുന്നതിന് ഭരണ സമിതി തീരുമാനിച്ചിട്ടുണ്ടെങ്കിലും (തീരുമാനം നം. 2(1)/08.04.2024) നാളിതുവരെ തുടർനടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം സംയുക്ത പരിശോധന നടത്തി കാലിക്കമാക്കേണ്ടതും കൺസ്യൂമർ നം. 1165412028272 പ്രകാരമുള്ള തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2. നിലവിൽ പഞ്ചായത്ത് പരിധിയിൽ 9W ന്റെ തെരുവ് വിളക്കുകൾ മാത്രമാണ് ഉപയോഗിക്കുന്നത്. ആയതിനാൽ ചെർപ്പുളശ്ശേരി ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും കൺസ്യൂമർ നം. 1165412028272 പ്രകാരം ഡിമാന്റ് ചെയ്തിട്ടുള്ള തെരുവ് വിളക്കുകളുടെ വിവരം, വൈദ്യുതി ചാർജ് ഡിമാന്റിന്റെ കാൽക്കുലേഷൻ

സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കി ഡിമാന്റിന്റെ കൃത്യത പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം വൈദ്യുത ചാർജ് ഒടുക്ക് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം - ചെലവഴിക്കാത്തത് ക്രമീകരിക്കേണ്ടതാണ്

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള 2024-25 ലെ ഗുണഭോക്തൃ വിഹിതത്തിന്റെ വരവ് ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | തൻവർഷത്തെ വരവ് | തൻവർഷത്തെ ചെലവ് | മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം തിരികെ നൽകിയത് | മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം തിരികെ നൽകാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| 13273 | 92000 | 92000 | 12500 | 773 |

ILGMS ലെഡ്ജർ പരിശോധിച്ചതിൽ തൻവർഷത്തെ ഗുണഭോക്തൃ വിഹിതത്തിലെ മുഴുവൻ തുകയും വിവിധ പദ്ധതികളിൽ ചെലവഴിക്കുകയും മുൻവർഷങ്ങളിലെ ഗുണഭോക്തൃ വിഹിതം ചെലവഴിക്കാത്തതിൽ നിന്നും 12500 രൂപ റീഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിലെ ചെലവഴിക്കാത്ത ഗുണഭോക്തൃ വിഹിതമായ 773 രൂപ നാളിതുവരെ ഗുണഭോക്താക്കൾക്ക് തിരികെ നൽകിയിട്ടില്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 07/23.07.2025) ഗുണഭോക്തൃ വിഹിതമായി നീക്കിയിരിപ്പുള്ള 773 രൂപ 2022-23 വർഷത്തെ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി അടവാക്കിയതാണെന്നും, ടി തുക നിയമാനുസൃതം ക്രമീകരിക്കുന്നതെണ്ണെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഗുണഭോക്തൃ വിഹിതമായി നീക്കിയിരിപ്പുള്ള 773 രൂപ ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഐ.കെ.എം വിഹിതം നൽകൽ - വിനിയോഗ വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 02/25, ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | 63650 രൂപ (വികസന ഫണ്ട് - പൊതുവിഭാഗം) |
| ചെലവ് | ബിൽ നം. 214/12.12.2024 – 63650 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം പ്രവർത്തന ഫണ്ടിനത്തിലുള്ള 63650 രൂപ ഐ.കെ.എമ്മിന്റെ അക്കൗണ്ടിലേക്ക് (UTR No. RBI3652411817111) മാറി നൽകിയിട്ടുണ്ട്. എന്നാൽ

ഐ.കെ.എമ്മിൽ നിന്നും തുക വിനിയോഗിച്ചതിന്റെ വിശദാംശങ്ങളടങ്ങിയ വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 08/23.07.2025) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

പ്രവർത്തന ഫണ്ടിനത്തിലുള്ള 63650 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എമ്മിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-22 ഭരണ സമിതി യോഗ മിനുട്ട് തയ്യാറാക്കൽ - ചട്ട പ്രകാരമുള്ള സമയ പരിധി പാലിച്ചിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് കാണുന്നു. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നുണ്ട്. സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അയച്ച തീയതിയ്ക്ക് തന്നെ അദ്ധ്യക്ഷൻ മിനിട്ട്സ് അംഗീകരിച്ചിട്ടുണ്ട്. മിനിട്ട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗ വിവരം | യോഗം ചേർന്ന തീയതി | സെക്രട്ടറി മിനിറ്റ്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി |
|---|---|---|
| ഭരണ സമിതി സാധാരണ യോഗം | 03.05.2024 | 18.06.2024 |
| ഭരണ സമിതി സാധാരണ യോഗം | 25.07.2024 | 29.08.2024 |
| ഭരണ സമിതി സാധാരണ യോഗം | 11.09.2024 | 09.10.2024 |
| ഭരണ സമിതി സാധാരണ യോഗം | 15.10.2024 | 27.11.2024 |
| ഭരണ സമിതി | 09.12.2024 | 22.01.2025 |

| | | |
|---|---|---|
| സാധാരണ യോഗം | | |
| ഭരണ സമിതി സാധാരണ യോഗം | 28.12.2025 | 05.02.2025 |
| ഭരണ സമിതി സാധാരണ യോഗം | 04.01.2025 | 20.02.2025 |
| ഭരണ സമിതി സാധാരണ യോഗം | 11.02.2025 | 22.03.2025 |
| ഭരണ സമിതി സാധാരണ യോഗം | 24.02.2025 | 24.04.2025 |
| ഭരണ സമിതി സാധാരണ യോഗം | 13.03.2025 | 24.04.2025 |

| | | |
|---|---|---|
| ഭരണ സമിതി സാധാരണ യോഗം | 27.03.2025 | 05.06.2025 |

24.02.2025, 13.03.2025, 27.03.2025 എന്നീ തീയതികളിലെ ഭരണ സമിതി യോഗ മിനിറ്റ്സുകൾ തൻവർഷം കഴിഞ്ഞാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ചട്ട പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ തയ്യാറാക്കി അംഗീകാരം വാങ്ങാത്തതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/23.07.2025) ഭാവിയിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ സമയബന്ധിതമായി സകർമ്മയിൽ ചേർക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ചട്ട പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഭരണ സമിതി യോഗ മിനിറ്റ്സുകൾ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**1-23 2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും 2025-26 ലെ ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന 2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു**

2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും 2025-26 ലെ ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന 2024-25 ലെ പരിഷ്കരിച്ച ബജറ്റിലെയും മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2024-25 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തുകകൾ (ഭരണ സമിതി തീരുമാനം നം. 3(1)/28.02.2025) | 2025-26 ലെ ബജറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന 2024-25 ലെ പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള തുകകൾ (ഭരണ സമിതി തീരുമാനം നം. 1(1)/13.03.2025) |
|---|---|---|
| മുന്നിരിപ്പ് | ₹7239641 | ₹9272462 |
| തൻവർഷം വരവ് | ₹242023014 | ₹242023014 |
| ആകെ വരവ് | ₹249262655 | ₹251295476 |
| ചെലവ് | ₹241270343 | ₹241270343 |
| നീക്കിയിരിപ്പ് | ₹7992312 | ₹10025133 |

2024-25 വർഷത്തെ പരിഷ്കരിച്ച ബജറ്റിലെ മുന്നിരിപ്പ് തുക 2025-26 ബജറ്റിൽ രേഖപ്പെടുത്തിയത് മാറ്റം വന്നത് ബജറ്റ് തയ്യാറാക്കിയ സോഫ്റ്റ്‌വെയറിലെ പിഴവ് മൂലമാണെന്നും 2025-26 ലെ പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കുന്ന സമയത്ത് അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം. 10/23.07.2025).

ബജറ്റ് തയ്യാറാക്കുമ്പോൾ മുൻവർഷങ്ങളിലെ പരിഷ്കരിച്ച ബജറ്റിലെ തുകകളുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്.

## 1-24 CMDRF കോൺട്രിബ്യൂഷൻ - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അടവാക്കിയിട്ടില്ല

07.12.2024 ലെ രസീതി നം.1240203229 പ്രകാരം പഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കണ്ണൻ എൻ കെ CMDRF കോൺട്രിബ്യൂഷനായി 4158 രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത തുക നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അടവാക്കിയതായി കാണുന്നില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/23.07.2025) CMDRF കോൺട്രിബ്യൂഷനായി ലഭിച്ച 4158 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

CMDRF കോൺട്രിബ്യൂഷനായി ലഭിച്ച 4158 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 ബാലസഭ പ്രവർത്തനങ്ങൾ - വിനിയോഗ വിവരങ്ങൾ ലഭ്യമല്ല – തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്ട് നം., പേര് | 40/25, ബാലസഭ പ്രവർത്തനങ്ങൾ |
| അടങ്കൽ | 30000 രൂപ (വികസന ഫണ്ട് - ജനറൽ) |
| ചെലവ് | ബിൽ നം. 335/06.03.2025 – 30000 രൂപ |
| | |

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കുട്ടികളിലെ സർഗാത്മകശേഷി വർദ്ധിപ്പിക്കുന്ന തരത്തിലുള്ള കലാമത്സരങ്ങൾ, പഠനയാത്ര, മോട്ടിവേഷൻ ക്ലാസ് എന്നിവ സംഘടിപ്പിക്കുകയാണ് പദ്ധതി ലക്ഷ്യം. ബാലസഭ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി 30000/- രൂപ കുടുംബശ്രീ സി ഡി എസിന്റെ അക്കൗണ്ടിലേക്ക് (നം. 1536101100707, കാനറാ ബാങ്ക്) മാറി നൽകിയിട്ടുണ്ട്.

പദ്ധതി പ്രകാരം കുട്ടികളിലെ സർഗാത്മകശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ എന്തെല്ലാം പരിപാടികൾ നടത്തി എന്നതിന്റെ വിവരം, പങ്കെടുത്ത കുട്ടികളുടെ ഹാജർ വിവരം, അനുബന്ധ ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/26.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല.

കുട്ടികളിലെ സർഗാത്മകശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ എന്തെല്ലാം പരിപാടികൾ നടത്തി എന്നതിന്റെ വിവരം, പങ്കെടുത്ത കുട്ടികളുടെ ഹാജർ വിവരം, അനുബന്ധ ചെലവ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ പദ്ധതി പ്രകാരമുള്ള 30000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-26 സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ - രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല

| പ്രൊജക്ട് നം., പേര് | 247/25, സോളാർ തെരുവ് വിളക്ക് | 80/25, സോളാർ തെരുവ് വിളക്ക് |
|---|---|---|

| | | |
|---|---|---|
| | സ്ഥാപിക്കൽ (സ്പിൽ ഓവർ) | സ്ഥാപിക്കൽ |
| അടങ്കൽ | 579483 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) | 100000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | 1) വൗച്ചർ നം. XVFC/2024-25/P/4/04.07.2024 – 521096 രൂപ<br>2) വൗച്ചർ നം. XVFC/2024-25/P/12/26.07.2024 – 57900 രൂപ<br>ആകെ - 578996 രൂപ | വൗച്ചർ നം. XVFC/2024-25/P/88/04.07.2024 – 99995 രൂപ |
| ഇൻവോയ്സ് നം./തീയതി - തുക | B2B/23-24/025/27.03.2024 – 583380 രൂപ | RT-2024-25-21/25.03.2025 – 99995 രൂപ |

| | | |
|---|---|---|
| ടെണ്ടർ കൊണ്ട സ്ഥാപനം | ഷൈൻ ഇലക്ട്രിക്കൽ & PWD കോൺട്രാക്ടർ വർക്സ്, മലപ്പുറം | റിത്തു ഏജൻസീസ്, കടമ്പഴിപ്പുറം |
| ടെണ്ടർ നിരക്ക് | 60 വാട്ട്സിന്റെ ഒരു സോളാർ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 13890 രൂപ (വാറന്റി – ഒരു വർഷം) | 60 വാട്ട്സിന്റെ ഒരു സോളാർ തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് 14285 രൂപ (വാറന്റി – ഒരു വർഷം) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 60 വാട്ട്സ് ശേഷിയുള്ള സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയാണ് പദ്ധതികളുടെ ലക്ഷ്യം. പദ്ധതികൾ പ്രകാരം ആകെ 49 സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചതിനുള്ള തുകയാണ് നൽകിയിട്ടുള്ളത്.

പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ സോളാർ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. സ്പിൽ ഓവർ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള 42 സോളാർ തെരുവ് വിളക്കുകളിൽ 39 എണ്ണം വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ടെന്നുള്ള വാർഡ് മെമ്പർമാരുടെ

സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ സ്പിൽ ഓവർ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള 3 സോളാർ തെരുവ് വിളക്കുകൾ, തൻവർഷത്തെ പദ്ധതി പ്രകാരം സ്ഥാപിച്ചിട്ടുള്ള 7 സോളാർ തെരുവ് വിളക്കുകൾ എന്നിവ വിവിധ വാർഡുകളിലായി സ്ഥാപിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. സ്ഥാപിച്ചിട്ടുള്ള സോളാർ തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാണെന്ന് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം/ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല.

4. സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിലെ ഓർഡിനറി തെരുവ് വിളക്കുകൾ വിഛേദിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 23/26.07.2025) സാധാരണ തെരുവ് വിളക്കുകൾ ഇല്ലാത്തിടത്താണ് സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്നും വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ സോളാർ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിക്കുന്നതാണെന്നും നിലവിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ സോളാർ തെരുവ് വിളക്കുകളും പ്രവർത്തന ക്ഷമമാണെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

വാർഡ് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ രേഖപ്പെടുത്തിയ സോളാർ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട് എന്ന് തെളിയിക്കുന്ന വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിക്കേണ്ടതും രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

## 1-27 ഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ - വാഹനം ഓടിക്കുന്നതിനുള്ള പരിശീലനം നൽകിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 287/25, ഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ |
| അടങ്കൽ | 550000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് - 150000, കേന്ദ്രാവിഷ്കൃത ഫണ്ട് - 350000, തനത് ഫണ്ട് - 50000) |
| ചെലവ് | 1) ബിൽ നം. 466/27.01.2025 – 25760 രൂപ<br>2) ബിൽ നം. 487/03.02.2025 – 350000 രൂപ<br>3) ബിൽ നം. 490/11.02.2025 – 150000 രൂപ<br>ആകെ - 525760 രൂപ |
| GeM നം./ തീയതി | GEMC-511687757014118/24.01.2024 |

| | |
|---|---|
| | – 525760 രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഹരിതകർമ്മസേനക്ക് വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിലേക്ക് എത്തിക്കുന്നതിലേക്കായി ഇലക്ട്രിക്ക് വാഹനം വാങ്ങി നൽകലാണ് പദ്ധതി ലക്ഷ്യം. ഇതിനായി GeM മുഖേന കുട്ടുകാരൻ ഗ്രീൻ പ്രൈ. ലിമിറ്റഡിൽ നിന്നും ആപ്പയുടെ ഇലക്ട്രിക്കൽ ഓട്ടോ (APE E-XTRA FX NE MAX PU-LB) വാങ്ങിയിട്ടുണ്ട്.

നിലവിൽ ആവശ്യമുള്ളപ്പോൾ ഡ്രൈവറെ വെച്ചാണ് ഹരിതകർമ്മസേനയുടെ വാഹനം ഓടിക്കുന്നത്. മാർഗ്ഗരേഖ നിർദ്ദേശ പ്രകാരം ഹരിതകർമ്മസേനയുടെ ആവശ്യത്തിനായി വാങ്ങിയ ഇലക്ട്രിക്കൽ ഓട്ടോ ഓടിക്കുന്നതിനാവശ്യമായ പരിശീലനം ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകിയിട്ടില്ല. വാഹനത്തിന്റെ ഇൻഷുറൻസ് റോയൽ സുന്ദരം ഇൻഷുറൻസ് മുഖേനയാണ് ചെയ്തിട്ടുള്ളത് (പോളിസി നം. VGC1309946000100, തുക – 12921 രൂപ). ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ഇൻഷുറൻസ് സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന ചെയ്തിട്ടില്ല. ആയതിനുള്ള കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 25/28.07.2025) 2025-26 വർഷത്തിൽ വാങ്ങിയ വാഹനം ഓടിക്കുന്നതിനാവശ്യമായ പരിശീലനം ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും GeM മുഖേന വാങ്ങിയതിനാൽ ഇൻഷുറൻസ് ഉൾപ്പെടെയുള്ള തുക കമ്പനിക്ക് മാറി നൽകിയതിനാലാണ് സ്വകാര്യ ഇൻഷുറൻസ് സ്ഥാപനം മുഖേന ഇൻഷുറൻസ് ചെയ്യേണ്ടിവന്നതെന്നുമുള്ള മറുപടി നൽകിയിട്ടുണ്ട്.

ഹരിതകർമ്മസേനാംഗങ്ങൾക്ക് വാങ്ങിയ ഇലക്ട്രിക്കൽ ഓട്ടോ ഓടിക്കുന്നതിനാവശ്യമായ പരിശീലനം നൽകേണ്ടതും വാഹനത്തിന്റെ ഇൻഷുറൻസ് പുതുക്കുമ്പോൾ സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന നടത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്ക് റിപ്പയർ -നിർവ്വഹണത്തിൽ നിരവധി അപാകങ്ങൾ

| പ്രൊജക്ട് നം., പേര് | 171/24, തെരുവ് വിളക്ക് റിപ്പയർ (സ്പിൽ ഓവർ) | 78/24, തെരുവ് വിളക്ക് റിപ്പയർ |
|---|---|---|
| അടങ്കൽ | 50114 രൂപ (വികസന ഫണ്ട് (ജനറൽ) - 50057, ധനകാര്യ കമ്മീഷൻ അവാർഡ് - 57) | 473000 രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് | ബിൽ നം. 318/23.02.2024 – 50057 രൂപ | 1) ബിൽ നം. 380/10.03.2025 – 134815 രൂപ |

| | | |
|---|---|---|
| | | 2) ബിൽ നം. 471/27.03.2025 – 290885 രൂപ<br>ആകെ - 425700 രൂപ |
| ഇൻവോയ്സ് നം./ തീയതി | B2B/23-24/022/23.01.2024 – 50301 രൂപ | 1) GST25/011/01.03.2025 – 134815 രൂപ<br>2) GST25/012/26.03.2025 – 338070 രൂപ |
| ടെണ്ടർ കൊണ്ട സ്ഥാപനം | ഷൈൻ ഇലക്ട്രിക്കൽ & PWD കോൺട്രാക്ടർ വർക്സ്, മലപ്പുറം | എം ക്യൂബ് അസോസിയേഷൻ, കരിമ്പുഴ |
| ടെണ്ടർ നിരക്ക് | 9W ന്റെ ഒരു തെരുവ് വിളക്ക് റിപ്പയറിന് 621 രൂപ | 9W ന്റെ ഒരു തെരുവ് വിളക്ക് റിപ്പയറിന് 295 രൂപ |
| റിപ്പയർ ചെയ്ത തെരുവ് | 9W LED Light – 81 എണ്ണം | 9W LED Light – 457+1146 = 1603 എണ്ണം |

| | | |
|---|---|---|
| വിളക്കുകളുടെ എണ്ണം | | |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |

പഞ്ചായത്ത് പരിധിയിലുള്ള തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി നടത്തുകയാണ് പദ്ധതികളുടെ ലക്ഷ്യം. പദ്ധതിയുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) കരാർ പ്രകാരം ഗ്യാരണ്ടി കാലയളവ് കഴിഞ്ഞ തെരുവ് വിളക്കുകളാണ് റിപ്പയർ ചെയ്യേണ്ടതാണെന്നും പദ്ധതി പ്രകാരം ഒരു യൂണിറ്റ് റിപ്പയർ ചെയ്ത് ഒരു വർഷത്തെ വാറണ്ടിയോട് കൂടി സ്ഥാപിക്കുന്നതിന് കൂലി ചെലവ് ഉൾപ്പെടെയുള്ള തുകയാണ് ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ വാറണ്ടി നിലവിലുള്ള ലാമ്പുകളെ ഒഴിവാക്കിയാണോ മെയിന്റനൻസ് നടത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

2) പരാതി രജിസ്റ്ററിൽ അറ്റകുറ്റപ്പണി നടത്തിയ തീയതി രേഖപ്പെടുത്തണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

3) കരാറുക്കാരൻ നൽകുന്ന ഇൻവോയ്സിന്റെയും വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രവും അനുസരിച്ചാണ് കരാറുക്കാരന് തുക നൽകുന്നത്. എന്നാൽ കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷനിൽ (ചെർപ്പുളശ്ശേരി, ശ്രീകൃഷ്ണപുരം) നിന്നും തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തിയതിന്റെ സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) സ്പിൽ ഓവർ പദ്ധതി പ്രകാരം റിപ്പയർ ചെയ്തിട്ടുള്ള 81 തെരുവ് വിളക്കുകൾക്കുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5) കരാർ പ്രകാരം സ്ക്രാപ്പുകൾ സൂക്ഷിക്കേണ്ടതാണ്. ഇത്തരത്തിൽ കേടുവന്ന സാധനങ്ങൾ തിരികെ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 27/28.07.2025) അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തെരുവ് വിളക്ക് റിപ്പയറിൽ കരാർ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും അപാകങ്ങൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-29 സാക്ഷരതാ പ്രേരക് ഹോണറേറിയം - സാക്ഷരതാ മിഷൻ വിഹിതം തിരികെ ലഭിച്ചിട്ടില്ല

12.04.2025 ലെ സ.ഉ.(സാധാ) നം. 743/2024/LSGD പ്രകാരം സാക്ഷരതാ പ്രേരക്മാരുടെ ഹോണറേറിയത്തിന്റെ 60% നിലവിൽ ജോലി ചെയ്യുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ തനത് വരുമാനത്തിൽ നിന്നും 40% സാക്ഷരതാ മിഷന്റെ തനത് വരുമാനത്തിൽ നിന്നും നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നോഡൽ പ്രേരകിന് 15000 രൂപയും അസിസ്റ്റന്റ് പ്രേരകിന് 12000 രൂപയും ഹോണറേറിയമായി നിശ്ചയിച്ചിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തിലെ സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാക്ഷരതാ പ്രേരകിന്റെ പേര് | വൗച്ചർ നം./ തീയതി | തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1. കോമളം പി എൻ, അസിസ്റ്റന്റ് പ്രേരക്<br>2. സത്യഭാമ എ പി, അസിസ്റ്റന്റ് പ്രേരക് | 22400085/09.05.2024 | 12000 + 12000 = 24000 രൂപ | ഏപ്രിൽ മാസത്തെ ഹോണറേറിയം |
| 2 | ,, | 22400140/03.06.2024 | 12000 + 12000 = 24000 രൂപ | മെയ് മാസത്തെ ഹോണറേറിയം |
| ആകെ അനുവദിച്ച ഹോണറേറിയം | | | 48000 രൂപ | |

സർക്കാർ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് അനുവദിക്കുന്ന ഹോണറേറിയത്തിന്റെ 40% സാക്ഷരതാ മിഷനിൽ നിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതാണ്. എന്നാൽ സാക്ഷരതാ മിഷനിൽ നിന്നും ഹോണറേറിയം ഇനത്തിൽ ലഭിക്കേണ്ട 19200 (40% Of 48000) രൂപ നാളിതുവരെ പഞ്ചായത്തിന് ലഭിച്ചതായി കാണുന്നില്ല. ആയതിനുള്ള കാരണം അറിയിക്കുവനായി നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം. 27/28.07.2025) സാക്ഷരതാ മിഷനിൽ നിന്നും തുക ഈടാക്കി അറിയിക്കുന്നതാണെന്നുള്ള മറുപടി നൽകിയിട്ടുണ്ട്.

സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം അനുവദിച്ച വകയിൽ സാക്ഷരതാ മിഷനിൽ നിന്നും ലഭിക്കുവാനുള്ള 19200രൂപ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 എ.ബി.സി. പദ്ധതി - പഞ്ചായത്ത് പരിധിയിൽ കാര്യക്ഷമമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ തെരുവ് നായ ശല്യം രൂക്ഷമാവുന്നത് ഭരണ സമിതി യോഗം ചർച്ച ചെയ്തു. ഗ്രാമപഞ്ചായത്ത് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എ.ബി.സി. പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിന് 3.5 ലക്ഷം വീതം ആകെ 7ലക്ഷം രൂപ കൈമാറിയിരുന്നു. എന്നാൽ തെരുവ് നായ നിയന്ത്രണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പരിധിയിൽ ജില്ലാ പഞ്ചായത്ത് പരിപാടികൾ ഒന്നും നടത്തിയിട്ടില്ലെന്ന് യോഗം വിലയിരുത്തി. ആയതിനാൽ 2022-23, 2023-24 സാമ്പത്തിക വർഷത്തെ എ.ബി.സി. പദ്ധതിയുടെ തുക വിനിയോഗം സംബന്ധിച്ച് റിപ്പോർട്ട് ജില്ലാ പഞ്ചായത്തിൽ നിന്ന് ആവശ്യപ്പെടുന്നതിന് യോഗം തീരുമാനിച്ചിട്ടുണ്ട് (10(1)/25.07.24). ആയതിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/28.07.2025) നാളിതുവരെ പഞ്ചായത്ത് പരിധിയിൽ 233 തെരുവ് നായ്ക്കളെ വന്ധീകരിച്ചതായും ഇതിനായി ആകെ 349500 രൂപ ചെലവഴിച്ചതായുമുള്ള ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ തെരുവ് നായ ശല്യം രൂക്ഷമാവുന്ന സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിൽ എ.ബി.സി. പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-31 ജനകീയ ഹോട്ടൽ നടത്തിപ്പ് ചെലവ് - തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചത് റീകൂപ്പ് ചെയ്തിട്ടില്ല

അടയ്ക്കാപുത്തൂരിൽ പ്രവർത്തിക്കുന്ന ഐശ്വര്യ ജനകീയ ഹോട്ടലിന്റെ വാടക, വാട്ടർ ചാർജ്ജ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്നും അനുവദിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 22400237/15.07.2024 | 11082 രൂപ | മെയ്, ജൂൺ മാസങ്ങളിലെ ജനകീയ ഹോട്ടലിന്റെ വാടക, വാട്ടർ ചാർജ്ജ്, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി നൽകിയ തുക. |
| 2 | 22400431/23.09.2024 | 5893 രൂപ | ജൂലൈ മാസത്തെ ജനകീയ ഹോട്ടലിന്റെ വാടക, വാട്ടർ |

| | | | |
|---|---|---|---|
| | | | ചാർജ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി നൽകിയ തുക. |
| 3 | 22400432/23.09.2024 | 5805 രൂപ | ഓഗസ്റ്റ് മാസത്തെ ജനകീയ ഹോട്ടലിന്റെ വാടക, വാട്ടർ ചാർജ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി നൽകിയ തുക. |
| 4 | 22400512/14.10.2024 | 5000 രൂപ | സെപ്തംബർ മാസത്തെ ജനകീയ ഹോട്ടലിന്റെ വാടകയ്ക്ക് നൽകിയ തുക. |
| 5 | 22400639/26.11.2024 | 5685 രൂപ | ഒക്ടോബർ മാസത്തെ |

| | | | |
|---|---|---|---|
| | | | ജനകീയ ഹോട്ടലിന്റെ വാടക, വാട്ടർ ചാർജ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി നൽകിയ തുക. |
| ആകെ തുക | | 33465 രൂപ | |

ജനകീയ ഹോട്ടൽ ചെലവുകൾക്കായി പ്ലാൻ ജനറൽ ഫണ്ട് വകയിരുത്തി 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിലവിൽ വികസന ഫണ്ടിൽ ബാലൻസ് തുക ഇല്ലാത്തിനാൽ പ്രോജക്ടിൽ നിന്ന് ചെലവ് സാധ്യമല്ല. ആയതിനാൽ തനത് ഫണ്ടിൽ നിന്ന് മേൽ ചെലവുകൾ നൽകി വികസന ഫണ്ട് വരുന്ന മുറക്ക് റീകൂപ്പ് ചെയ്യുന്നതിന് ഭരണ സമിതി യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തി ഐകകണ്ഠേന തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം. 04/11.07.2024). ആയത് പ്രകാരം വി.ഇ.ഓ. നിർവ്വഹണം നടത്തിയിട്ടുള്ള തൻവർഷത്തെ 'വിശപ്പുരഹിത കേരളം - ജനകീയ ഹോട്ടൽ' പദ്ധതി പ്രകാരം തനത് ഫണ്ടിൽ നിന്നും ജനകീയ ഹോട്ടലിന്റെ നടത്തിപ്പിനായി നൽകിയിട്ടുള്ള 27780 രൂപ വികസന ഫണ്ടിൽ നിന്നും റീകുപ്പ് ചെയ്ത് തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ഒക്ടോബർ മാസത്തെ ജനകീയ ഹോട്ടലിന്റെ വാടക, വാട്ടർ ചാർജ്, വൈദ്യുതി ചാർജ് എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്നും നൽകിയ 5685 രൂപ പ്രസ്തുത പദ്ധതി പ്രകാരം തനത് ഫണ്ടിലേയ്ക്ക് റീകൂപ്പ് ചെയ്തതായി കാണുന്നില്ല. ആയതിന്റെ

കാരണം അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/29.07.2025) പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും തുക ഈടാക്കി തനത് ഫണ്ടിൽ ഒടുക്ക് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

5685 രൂപ തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 നിശ്ചിത സമയപരിധിക്കുള്ളിൽ സെലക്ഷൻ നോട്ടീസ് (ലെറ്റർ ഓഫ് ആക്സപ്റ്റൻസ്) അയച്ചിട്ടില്ല

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. എന്നാൽ അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ മാന്വലിലെ നിബന്ധന പ്രകാരമുള്ള സമയപരിധി പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ |
|---|---|---|---|---|
| 1. | 134/25- അസി. എഞ്ചിനീയറുടെ | 11-1-2024 | **25-1-2024** | 45/AE/LSGD/VLY/**31-1-2024** ശശികുമാർ.കെ. |

| | | | | |
|---|---|---|---|---|
| | ഓഫീസ് നവീകരണം. 279651 ബിൽ നം. 15/16-5-2024- 328989/- | | | |
| 2. | 66/25- കൃഷി ഭവൻ നവീകരണം. 232763 ബിൽ നം. 29/2-7-2024- 274332/- | 11-1-2024 | **25-1-2024** | 46/AE/LSGD/VLY/**31-1-2024** ശശികുമാർ.കെ. |
| | 169/25- കോൺഫറൻസ് ഹാൾ സീലിംഗ് -പെയിന്റിംഗ്. 169327 ബിൽ നം. 55/13-12-2024- 199306/- | 11-1-2024 | **25-1-2024** | 39/AE/LSGD/VLY/**30-1-2024** ചാമി.കെ. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/26-7-2025) ലഭ്യമാക്കിയ മറുപടിയിൽ ടെണ്ടർ നെഗോഷ്യേഷന് അയച്ച് ആയത് തിരിച്ചു വരാനുണ്ടായ കാലതാമസത്താൽ ആണ് ഇപ്രകാരം സംഭവിച്ചതെന്നും ഇനിമുതൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാവുകയില്ല എന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ

ഭാവിയിൽ ഇക്കാര്യങ്ങൾ ശ്രദ്ധിച്ച് മാനപലിലെ വ്യവസ്ഥകൾക്ക് അനുസരിച്ച് പ്രവൃത്തികൾ നിർവ്വഹിക്കേണ്ടതാണ്.

**1-33 ഇ-ടെണ്ടർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ യഥാസമയം അടവാക്കുന്നില്ല**

അസി. എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് എസ്.ബി.ഐയിൽ പ്രത്യേക ബാങ്ക് അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ) നം.3186/16 ത.സ്വ.ഭ.വ, തീയ്യതി. 2-10-2017 സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ഈ അക്കൗണ്ടിൽ വരവ് ഉണ്ടാകുന്ന തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസി.എൻജിനിയർ ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർ ഫീ അടവാക്കുന്നതിന് ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (നം. 37343180761- SBI) 31-3-2025ൽ ബാലൻസുള്ള 80025രൂ. പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് നാളിതുവരെ അടവാക്കിയിട്ടില്ല . സാമ്പത്തിക വർഷം അവസാനിച്ചിട്ടും ടി തുകകൾ തനത് ഫണ്ടിലേക്ക് കൈമാറാത്തത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/28-7-2025) ലഭ്യമാക്കിയ മറുപടിയിൽ ടി തുക തനത്ഫണ്ടിലേക്ക് അടവാക്കുന്നതിനുള്ള ചെക്ക് (നം 671422/29-7-2025) പഞ്ചായത്തിന് കൈമാറിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ആയതിന്റെ രസീതി കൂടി ഹാജരാക്കേണ്ടതാണ്.

**1-34 ഓഡിറ്റ് ഇംപാക്ട്-അനുവദനീയമല്ലാത്ത ഇനങ്ങൾക്ക് കണ്ടിജന്റ് ചെലവുകൾ ഇനത്തിൽ ചെലവഴിച്ച തുക തിരികെ ഒടുക്കി**

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ SO 194/25പ്രകാരം കണ്ടിജന്റ് ചെലവുകൾക്കായി മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ഇനത്തിൽ 20236രൂ.

അടങ്കലിൽ പ്രോജക്ട് വെച്ചിട്ടുണ്ട്. സ.ഉ. (എം.എസ്) നം 107/98/തഭവ , തീ.27-5-98 പ്രകാരം പഞ്ചായത്തുകളിൽ തുകകൾ ചെലവഴിക്കാവുന്ന കണ്ടിജന്റ് ഇനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതിൽ ഉൾപ്പെടാത്ത താഴെ സൂചിപ്പിക്കന്ന ഇനങ്ങൾക്ക് ചെലവുകൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നം./ തീയ്യതി. /തുക | ഇൻവോയ്സ് നം., വാങ്ങിയ ഇനങ്ങൾ | സർക്കാർ ഉത്തരവിൽ ഉൾപ്പെടാത്ത സാധനങ്ങൾക്ക് ചേലവഴിച്ച തുക |
|---|---|---|
| 84/24-3-2025, Rs. 6515 | നം. 3478/24-3-2025 സ്റ്റേഷനറി സാധനങ്ങൾ, കുട | കുട – 2എണ്ണം-880രൂ. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(21/26-7-2025) മേൽസൂചന പ്രകാരം ചെലവഴിച്ച തുക രസീതി നം R-GO90406-25001964/ 28-7-2025പ്രകാരം അടവാക്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. അനുവദനീയമായ ഇനങ്ങൾക്ക് മാത്രം ചെലവുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ഫലപ്രാപ്തിയും അവലോകനം

പതിനഞ്ചാം ധനകാര്യകമ്മീഷൻ, പ്രാഥമികാരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കിയ കർമ്മപദ്ധതി അനുസരിച്ചുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് വിനിയോഗിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 2022-23 (2021-22 വർഷത്തെ ഗ്രാന്റ്) വർഷം മുതലാണ് ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചു തുടങ്ങിയത്. പഞ്ചായത്തിലെ ഗ്രാന്റ് വിനിയോഗവും ആയതിന്റെ ഫലപ്രാപ്തിയും വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. സ്കീം 1, സ്കീം 3, സ്കീം 4 ഇനങ്ങളിലുള്ള പ്രവർത്തനങ്ങളാണ് ഗ്രാമപഞ്ചായത്ത് മുഖേന നടത്തേണ്ടത്. ഗ്രാമപഞ്ചായത്തിൽ രണ്ട് പ്രാഥമികാരോഗ്യകേന്ദ്രങ്ങളും ഒരു ആയുർവേദാശുപത്രിയും ഒരു ഹോമിയോ ഡിസ്പെൻസറിയുമാണ് നിലവിലുള്ളത്. കുടുംബാരോഗ്യകേന്ദ്രത്തിന് 6 ഉപകേന്ദ്രങ്ങളുണ്ട്.

സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുബാരോഗ്യ ഉപകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുവാനുള്ള ധനസഹായം.

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2023-24 | 0 | 2775000 | 30500 | 2805500 | 0 | 2805500 |
| 2024-25 | 2805500 | 0 | 95097 | 2900597 | 0 | 2900597 |

സ്കീം -3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2022-23 | 0 | 336753 | 2452 | 339205 | 334885 | 4320 |
| 2023-24 | 4320 | 742000 | 10088 | 756408 | 536222 | 220186 |
| 2024-25 | 220186 | 310000 | 7582 | 537768 | 316338 | 221430 |

## നടപ്പാക്കിയ പദ്ധതികൾ

| വർഷം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 2022-23 | 195/23 - ആരോഗ്യ സ്ഥാപനങ്ങളിലേക്ക് രോഗനിർണയ | 334885 |

| | | | | | |
|---|---|---|---|---|---|
| | | സൗകര്യങ്ങൾ ഏർപ്പെടുത്തൽ | | | |
| | 2023-24 | 182/24 (New) ആരോഗ്യ സ്ഥാപനങ്ങളിലേക്ക് രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 236222 | | |
| | | 183/24 (New) **കുടുംബാരോഗ്യ കേന്ദ്രത്തിൽ** രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 300000 | | |
| | 2024-25 | 312/25 (New) - ആരോഗ്യ സ്ഥാപനങ്ങൾക്ക് രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തല് | 10560 | | |
| | | 314/25 (New) – അടയ്ക്കാപുത്തൂർ **കുടുംബാരോഗ്യ** | 100000 | | |

| | | |
|---|---|---|
| | **കേന്ദ്രത്തിൽ** രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | |
| | 275/25 (Spill Over)- ആരോഗ്യ സ്ഥാപനങ്ങളിലേക്ക് രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 205778 |

സ്കീം 4 - ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

| വർഷം | മുൻബാക്കി | തൻവർഷം ലഭ്യമായ തുക | പലിശ | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 2022-23 | 0 | 179055 | 1297 | 180352 | 177961 | 2391 |
| 2023-24 | 2391 | 322000 | 4310 | 328701 | 322000 | 6701 |
| 2024-25 | 6701 | 512000 | 1167 | 519868 | 65585 | 454283 |

നടപ്പാക്കിയ പദ്ധതികൾ

| വർഷം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|

| | | |
|---|---|---|
| 2022-23 | 196/23 (New)- ആരോഗ്യ ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ | 177961 |
| 2023-24 | 185/24 (New)– കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ | 108000 |
| | 184/24 (New) - കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ | 214000 |
| 2024-25 | 315/25 (New) - ആരോഗ്യ ഉപകേന്ദ്രങ്ങളിൽ | 31627 |

| | | |
|---|---|---|
| | ഹെൽത്ത് &വെൽനെസ്സ് പ്രവർത്തനങ്ങൾ | |
| | 313/25 (New) - ഹെൽത്ത് &വെൽനെസ്സ് പരിപാടികൾ | 33958 |

സ്കീം 3 പ്രകാരം ലാബ് റീ ഏജന്റ്സ് വാങ്ങുന്നതിനാണ് കൂടുതൽ തുക ചെലവഴിച്ചിട്ടുള്ളത്. ലാബിലേയ്ക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി രോഗികൾക്ക് ഇരിക്കുന്നതിനുള്ള വെയ്റ്റിംഗ് ചെയർ, ടേബിൾ എന്നിവയും ഹീമോഗ്ലോബിൻ മീറ്റർ സ്ട്രിപ്പുകൾ, ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം നടത്തുന്നതിനാവശ്യമായ സാധനങ്ങൾ തുടങ്ങിയവയും വാങ്ങിയിട്ടുണ്ട്. മറ്റ് വിവരസാങ്കേതിക വിദ്യാ ഉപകരണങ്ങൾ വാങ്ങിയിട്ടില്ല.

സ്കീം 4 പ്രകാരം സബ്സെന്റർ നവീകരണവും അനുബന്ധ പ്രവർത്തനങ്ങളും നടത്തി വരുന്നു.

സ്കീം 1 പ്രകാരം 2025-26 സാമ്പത്തിക വർഷത്തിൽ കുറ്റാനശ്ശേരി സബ് സെന്റർ നിർമ്മാണം പദ്ധതി (274/26) ഉൾപ്പെടുത്തിയിട്ടുണ്ട്.

ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) ഇനത്തിൽ 221430രൂപയും ഹെൽത്ത് ഗ്രാന്റ് (Conversion Of PHC & Subcenters In To Health And Wellness Centres) ഇനത്തിൽ 454283രൂപയും ഹെൽത്ത് ഗ്രാന്റ് (Buildingless Subcentres , PHCs And CHCs) ഇനത്തിൽ 2900597 രൂപയും 2024-25 സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് അന്വേഷണം നം.4/18-07-2025 – ന്റെ മറുപടിയിൽ 2024-25 വർഷം ലഭിച്ച തുക മാർച്ച് അവസാനഘട്ടമായതിനാൽ ചെലവഴിക്കാൻ സാധിച്ചിട്ടില്ല, എത്രയും പെട്ടെന്ന് തുക ചെലവഴിക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുക സമയബന്ധിതമായും ഫലപ്രദമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യം വർക്കിംഗ് ഗ്രൂപ്പ് ഹെൽത്ത് ഗ്രാന്റ് വിനിയോഗവും ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനവും കൃത്യമായി മോണിറ്റർ ചെയ്യേണ്ടതാണ് .
- സ്കീം 1 പ്രകാരമുള്ള സബ്സെന്ററർ നിർമ്മാണം പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .
- കുടുംബാരോഗ്യ കേന്ദ്രത്തോടൊപ്പം ആരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും വെൽനെസ്സ് പ്രവർത്തനങ്ങൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടത്താവുന്നതാണ്.

## 1-36 എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ ഉറപ്പാക്കൽ - 'ജൽജീവൻ മിഷൻ പദ്ധതിയിലൂടെ' - അവലോകനം

രാജ്യത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും 2024-ഓടുക്കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. കേന്ദ്ര മാർഗ്ഗ നിർദ്ദേശമനുസരിച്ച് പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്നാണ്. ഇതിൽ

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം 15 ശതമാനവും ഗുണഭോക്തൃ വിഹിതം 10 ശതമാനവുമാണ്.

വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ 'ജൽജീവൻ മിഷൻ' പദ്ധതി നടത്തിപ്പിലെ പുരോഗതി വിവരങ്ങൾ അറിയിക്കുവാനായി നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം. 03/18.07.2025) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

വെള്ളിനേഴി ഗ്രാമപഞ്ചായത്തിൽ കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കുന്ന 'ജൽജീവൻ മിഷൻ' പദ്ധതിയിൽ ആകെ 2191 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം ലഭിക്കുന്ന രീതിയിലുള്ള പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പുതുതായി വീട് വെച്ചിട്ടുള്ളവരെ കൂടി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തി തുടർ നടപടികൾക്കായി കേരള ജല അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട്.

കേരള ജല അതോറിറ്റി നടപ്പിലാക്കുന്ന 'ജൽജീവൻ മിഷൻ' പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതമായ 15 ശതമാനം, ഗുണഭോക്തൃ വിഹിതമായ 10 ശതമാനം എന്നിവ വാട്ടർ അതോറിറ്റിക്ക് (2021-22 മുതൽ തൻവർഷം വരെയുള്ളത്) നാളിതുവരെ കൈമാറിയിട്ടില്ല. പഞ്ചായത്ത് വിഹിതം കൃത്യമായി തിട്ടപ്പെടുത്തി ആയത് നൽകുവാനുള്ള മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ്പ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച പരിശോധന

2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ റഗുലർ ജീവനക്കാരിൽ നിന്നും മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കി ഒടുക്കു വരുത്തിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻകചയറി നമ്പർ 02/17.07.2025)

1) 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെയുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | ഈടാക്കിയ തുക | ഒടുക്കിയ തുക | | |
| 15 | 59,500.00 | 59,500.00 | 0.00 | - |

2) 01.04.2024 മുതൽ 30.06.2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | - | - | - | - | - |

3) 07/2024 മാസത്തിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | ഒടുക്കിയ തുക | നിൽക്കുന്ന തുക | |
| ഇല്ല | - | - | - | - | - |

4) 01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാരുടെ മെഡിസെപ്പ് പ്രീമിയം ഒടുക്ക്

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| ഇല്ല | - | - | - | - | - |

## 4-2 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 17.07.2025 മുതൽ 29.07.2025 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട് |

## 4-3 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് | മുന്നിരിപ്പ് | 553790 | | 0 | 553790 |
| | 2024-25 | 605283 | 51/25 സ്ഥിരം നെൽ കൃഷി പ്രോത്സാഹനം | 605283 | 0 |
| | | 150000 | 29/25 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് മാസബത്ത - ജനറൽ | | |
| | | 300000 | 3/25 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| | ആകെ | 1055283 | | 1055283 | 0 |
| | മുന്നിരിപ്പുൾപ്പെടെ | 1609073 | | 1055283 | 553790 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | മുന്നിരിപ്പ് | 2094 | | 0 | 2094 |
| | 2024-25 | 394830 | 51/25 സ്ഥിരം നെൽ കൃഷി പ്രോത്സാഹനം | 394830 | 0 |
| | | 70000 | 29/25 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് മാസബത്ത - ജനറൽ | 70000 | 0 |
| | | 620000 | 286/25 പൊതുസ്ഥലങ്ങളിൽ സിസിടിവി സ്ഥാപിക്കൽ | 620000 | 0 |
| | | 125000 | 3/25 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 125000 | 0 |

| | | | | | |
|---|---|---|---|---|---|
| | ആകെ | 1209830 | | 1209830 | 0 |
| | മുന്നിരിപ്പുൾപ്പെടെ | 1211924 | | 1209830 | 2094 |

സംയുക്ത പദ്ധതികൾക്കായി ലഭിച്ച ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 4-4 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-5 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | 7814885 | 5090688 | 1272368 | - | 11633205 |

## 4-7 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-8 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | | 2013-14 | 6.3 | അവലോകനം - സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല |
| 2014-15 | 2-1, 2-2 | 2016-17 | അധ്യായം 2 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശിത തുക പഞ്ചായത്ത് ഈടാക്കിയതായി രേഖാമൂലം പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | | | | | ഡെ.ഡയറക്ടർ മുഖേന സമിതിയെ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽസമിതി തീർപ്പു കൽപ്പിച്ചിട്ടില്ല |
| 2015-16 | 2-1 | 2016-17 | അധ്യായം 2 | തൊഴിൽ നികുതി സംബന്ധിച്ച് | പരാമർശിത തുകപഞ്ചായത്ത് ഈടാക്കിയതായി രേഖാമൂലം പഞ്ചായത്ത് ഡെ.ഡയറക്ടർ മുഖേന സമിതിയെ അറിയിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽസമിതി തീർപ്പു കൽപ്പിച്ചിട്ടില്ല |
| 2017-18 | 3-20 | 2018-19 | 4.2.1 | അനുകരണീയ മാതൃകകൾ | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല |

## 4-10 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹68147064 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹41785883 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹241275 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-17 | ₹211275 | ഡോ.ഷിബു ജേക്കബ്, വെറ്ററിനറി സർജൻ |
| 1-25 | ₹30000 | ശ്രീ. രാധാകൃഷ്ണൻ കെ, സെക്രട്ടറി |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീ. രാധാകൃഷ്ണൻ കെ, സെക്രട്ടറി | സെക്രട്ടറി, വെള്ളിനേഴി ഗ്രാമപഞ്ചായത്ത് | കോതാണ്ടത്ത്, മാങ്ങോട്, പാലക്കാട് – 679503 |
| ഡോ.ഷിബു ജേക്കബ്, വെറ്ററിനറി സർജൻ | RIAC OFFICE, PALAKKAD | പേൾവാലി, പാവറട്ടി, തൃശൂർ |

## 4-12 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| വർഷം | ഈ കാര്യാലയത്തിൽ നിന്നും അവസാനം നൽകിയ കത്തിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 96-97 | കെ.എസ്.എ-പി.കെ.ഡി 114/2022, 23.11.2022 | 0 |
| 97-98 | കെ.എസ്.എ-പി.കെ.ഡി 110/2022, 23.11.2022 | 2 |
| 98-99 | കെ.എസ്.എ-പി.കെ.ഡി 112/2022, 23.11.2022 | 0 |

| | | |
|---|---|---|
| 1999-2000 | കെ.എസ്.എ-പി.കെ.ഡി 113/2022, 23.11.2022 | 0 |
| 2000-2001 | കെ.എസ്.എ-പി.കെ.ഡി 111/2022, 23.11.2022 | 1 |
| 2001-02 | - | 0 |
| 2002-03 | കെ.എസ്.എ-പി.കെ.ഡി 101/2022, 23.11.2022 | 2 |
| 2003-04 | കെ.എസ്.എ-പി.കെ.ഡി 104/2022, 23.11.2022 | 3 |
| 2004-05 | കെ.എസ്.എ-പി.കെ.ഡി 102/2022, 23.11.2022 | 3 |
| 2005-06 | കെ.എസ്.എ-പി.കെ.ഡി 103/2022, 23.11.2022 | 5 |
| 2006-07 | കെ.എസ്.എ-പി.കെ.ഡി 161/2022, 23.11.2022 | 1 |

| | | |
|---|---|---|
| 2007-08 | കെ.എസ്.എ-പി.കെ.ഡി 161/2022, 23.11.2022 | 3 |
| 2008-09 | കെ.എസ്.എ-പി.കെ.ഡി 162/2022, 23.11.2022 | 4 |
| 2009-10 & 2010-11 | കെ.എസ്.എ-പി.കെ.ഡി 163/2022, 23.11.2022 | 5 |
| 2011-12 | കെ.എസ്.എ-പി.കെ.ഡി 297/2022, 23.11.2022 | 7 |
| 2012-13 | കെ.എസ്.എ-പി.കെ.ഡി-12 455/2022, 23.11.2022 | 1 |
| 2013-14 &2014 | കെ.എസ്.എ-പി.കെ.ഡി-12 455/2022, 23.11.2022 | 4 |
| 2015-16 | കെ.എസ്.എ-പി.കെ.ഡി-12 455/2022, 23.11.2022 | 10 |
| 2016-17 | കെ.എസ്.എ-പി.കെ.ഡി-12 | 7 |

| | | |
|---|---|---|
| | 455/2022, 23.11.2022 | |
| 2017-18 | കെ.എസ്.എ-പി.കെ.ഡി-12 -512/2022, 23.11.2022 | 8 |
| 2018-19 | കെ.എസ്.എ-പി.കെ.ഡി-12 /513/2022, 23.11.2022 | 5 |
| 2019-20 | കെ.എസ്.എ-പി.കെ.ഡി-12 /1522/22, 08.07.2022 | 10 |
| 2020-21 | കെ.എസ്.എ-പി.കെ.ഡി-12 /1523/22, 08.07.2022 | 8 |
| 2021-22 | കെ.എസ്.എ-പി.കെ.ഡി-12 /158/23, 25.03.2023 | 24 |
| 2022-23 | കെ.എസ്.എ-പി.കെ.ഡി-12 /1479/23, 18.10.2023 | 15 |
| 2023-24 | കെ.എസ്.എ-പി.കെ.ഡി-പി.12/1153/24, 20.09.2024 | 22 |

തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 22-05-2025 and submitted on 18-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Vellinezhi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the

basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vellinezhi Grama Panchayat as on 31-03-2025

**Date: 07/10/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Vellinezhi Grama Panchayat for the Year 2024-2025.

### 1.Major Observations

Nil.

### 2.Other Observations

1. Bank reconcilation statements are prepared in faulty manner.

2. All mandatory financial statements prescribed in accounting rules not submitted for audit

3. Cash flow statement - The net cash generated does not match with the amount shown in the statement as Net increase in cash & cash equivalents

4. Notes on account is not prepared to satiate prior period expense and prior period income.

5. Some Non-Accrual receipts differs in I-4 schedules & RP-4 schedules.

6. Asset register is not updated. Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balance sheet could not be ascertained.

7. BIO Diversity Fund Receipt, Expenditure & Balance are not included in th AFS

8. Expenditure incurred from Maintenence Fund (Road) for creation of assets were not included inthe respective head of Capital contribution.

9. The amount to be received from Literacy Mission for expenditure from own fund has not been included in the Advances head in the balance sheet.

Deputy Director

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3
# വാർഷിക ധനകാര്യ പത്രിക - സംക്ഷിപ്തം

| | | | |
|---|---|---|---|
| | **Vellinezhi Grama Panchayat**<br><br>**BALANCE SHEET** | | |
| | As on 31-March-2025 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -17074669.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br><br>Agency Fund | B-2 | 18735.00 |
| 312000000 | Reserves | B-3 | 79368775.00 |
| | Total Reserve & Surplus | | 62312841.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for | B-4 | 14622668.00 |

| | | | |
|---|---|---|---|
| | Specific Purposes | | |
| | Total Grants, Contributions for Specific Purposes | | 14622668.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 11633205.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 11633205.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 110116.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3166026.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 3276142.00 |
| | TOTAL LIABILITIES | | 91844856.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 597412.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 445809.00 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 37747568.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 51210358.00 |
| 416000000 | Accumulated Depreciation | B-11(a) | -45997897.00 |
| | Total Fixed Assets | | 44003250.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 7888328.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |

| | | | |
|---|---|---|---|
| 440000000 | Pre-paid Expenses | B-16 | 11633205.00 |
| 450000000 | Cash and Bank Balance | B-17 | 26361181.00 |
| 460000000 | Loans, Advances and Deposits | B-18 | 1958892.00 |
| 461000000 | Accumulated Provisions against Loans,Advances and<br><br>Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 47841606.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |

| | | |
|---|---|---|
| | TOTAL ASSETS | 91844856.00 |